# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.316 — 04.06.2018 ൽ മറുപടിക്ക്

## സി.എച്ച്.സി.കളുടെ അപ്ഗ്രഡേഷൻ

| | ചോദ്യം<br>ശ്രീ.ആർ. രാജേഷ് | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സി.എച്ച്.സി.കളുടെ അപ്ഗ്രഡേഷന് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (എ) | ബ്ലോക്ക്-തല സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ ഒഴികെയുള്ള സാമൂഹികാരോഗ്യ കേന്ദ്രങ്ങളെയും കുടുംബാരോഗ്യകേന്ദ്രമായി ഉയർത്താനാണ് സർക്കാർ ആലോചിച്ചു വരുന്നത്. 2018-19 ലേക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളായി പരിഗണിക്കുന്ന സ്ഥാപനങ്ങളിൽ ഈ വിഭാഗം സാമൂഹികാരോഗ്യ കേന്ദ്രങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. ബ്ലോക്ക് തല സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്ന കാര്യം പരിശോധിച്ചു വരികയാണ്. |
| (ബി) | ചുനക്കര, കറത്തികാട് സി.എച്ച്.സി.കളെ അപ്ഗ്രേഡ് ചെയ്യുന്നതിനും 24 മണിക്കൂർ ചികിത്സ ലഭ്യമാക്കുന്ന തരത്തിൽ പ്രവർത്തിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ ; ഇതിന്മേൽ നടപ്പിലാക്കിയ കാര്യങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) | ചുനക്കര സാമൂഹികാരോഗ്യകേന്ദ്രം 2013 മുതൽ 16 കിടക്കകളോടുകൂടി ഐ.പി.വിഭാഗം 24 മണിക്കൂർ പ്രവർത്തിക്കുന്ന സ്ഥാപനമാണ്. ടി സ്ഥാപനം സ്ഥിതി ചെയ്യുന്നത് മാവേലിക്കരയ്ക്കും കായംകുളത്തിനും ഇടയിലാണ്. ചുനക്കരയിൽ നിന്നും ഏകദേശം 15 കിലോമീറ്റർ ചുറ്റളവിൽ മാവേലിക്കര ജില്ലാ ആശുപത്രിയും 14 കിലോമീറ്റർ ചുറ്റളവിൽ കായംകുളം താലൂക്കാശുപത്രിയും സ്ഥിതിചെയ്യുന്നു. ടി സ്ഥാപനത്തിൽ ഒ.പി.സമയം കഴിഞ്ഞാൽ കോൾ ഡ്യൂട്ടി മുഖാന്തിരവും ജനങ്ങൾക്ക് ചികിത്സാ സേവനം ലഭ്യമാകുന്നുണ്ട്. ടി സ്ഥാപനത്തിലെ ദിവസേനയുള്ള ശരാശരി ഒ.പി.400-ഉം ഐ.പി.10-ഉം ആണ്.<br>കറത്തിക്കാട് സാമൂഹികാരോഗ്യ കേന്ദ്രത്തിൽ 24 കിടക്കകളോടുകൂടി ഐ.പി. വിഭാഗം 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്. മാവേലിക്കര ജില്ലാ ആശുപത്രിയിൽ നിന്ന് 8 കിലോമീറ്റർ മാറിയും കായംകുളം താലൂക്കാശുപത്രിയിൽ നിന്ന് 10 കിലോമീറ്റർ മാറിയുമാണ് കറത്തിക്കാട് സാമൂഹികാരോഗ്യ കേന്ദ്രം സ്ഥിതി ചെയ്യുന്നത്. ടി സ്ഥാപനത്തിലെ പ്രതിദിന ശരാശരി ഒ.പി.400 ഉം ഐ.പി..10 ഉം ആണ്. ദിവസേനയുള്ള ഒ.പി. സമയം കഴിഞ്ഞാൽ ഡോക്ടറുടെ സേവനം കോൾ ഡ്യൂട്ടി മുഖാന്തിരം നൽകി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | നിലവിൽ പദവി ഉയർത്തുക എന്നതല്ല നവകേരള മിഷന്റെ ഭാഗമായുള്ള ആർദ്രം പദ്ധതിയിലൂടെ സംസ്ഥാനത്തെ എല്ലാ പി.എച്ച്.സി.കളെയും ഘട്ടംഘട്ടമായി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പ്രദേശത്തെ ആകെ ജനവിഭാഗങ്ങളുടേയും ആരോഗ്യ പരിചരണവും രോഗ ചികിത്സയും ഉറപ്പാക്കിയും ഇതിനായി മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയും അധിക തസ്തികകൾ സൃഷ്ടിച്ചും രോഗീ സൗഹൃദമാക്കുക എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നത്. അതോടൊപ്പം ഒരു താലൂക്കിൽ ഒരു താലൂക്ക് ആശുപത്രി ഒരു ജില്ലയിൽ ഒരു ജില്ലാ ആശുപത്രി എന്ന അടിസ്ഥാനത്തിൽ ആശുപത്രികളെ തെരെഞ്ഞെടുത്ത് ഘട്ടംഘട്ടമായി ആശുപത്രികളുടെ അടിസ്ഥാന സൗകര്യം ഒരുക്കുക എന്നതും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. ആർദ്രം പദ്ധതിയിലൂടെ സി.എച്ച്.സി.കളുടെ പദവി ഉയർത്തി താലൂക്ക് ആശുപത്രികളാക്കാൻ ഉദ്ദേശിക്കുന്നില്ല. എന്നിരുന്നാലും കൃത്യമായ ഇടപെടലുകളിലൂടെ പ്രദേശത്തിന്റെ പ്രത്യേകതയും ലഭ്യമായ അടിസ്ഥാന സൗകര്യങ്ങളും രോഗികളുടെ ബാഹുല്യവും കണക്കിലെടുത്ത് ചുനക്കര, കുറത്തികാട് എന്നീ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലെ സേവനങ്ങൾ രോഗീസൗഹൃദമാക്കുന്നതിനും പ്രദേശത്താകെയുള്ള ജനവിഭാഗത്തിന്റെ ആരോഗ്യ സുരക്ഷയ്ക്ക് അനുകൂലമായ സ്ഥാപനം ആക്കി നിലനിർത്തുന്നതിനും ആർദ്രം പദ്ധതിയിലൂടെ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ